**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6827** **11-07-2024 - ൽ മറുപടിയ്ക്ക്**

**പാണ്ഡവൻ പാറ കേന്ദ്രമാക്കി അമിനിറ്റി സെൻറർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാണ്ഡവൻ പാറ കേന്ദ്രമാക്കി ചരിത്ര വിദ്യാർത്ഥികൾക്ക് സഹായകരമാകുന്ന തരത്തിൽ ഒരു അമിനിറ്റി സെൻറർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) | പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായ പാണ്ഡവൻപാറയിലേക്ക് സന്ദർശകരെ പ്രവേശിപ്പിക്കുന്നത് സുരക്ഷിതമാണോ എന്നതു സംബന്ധിച്ച് ജിയോളജി വകുപ്പിന്റെ അഭിപ്രായം പുരാവസ്തു വകുപ്പ് ആരാഞ്ഞിട്ടുണ്ട്. സന്ദർശകർക്ക് സ്മാരകപ്രദേശത്തേക്ക് പ്രവേശിക്കുന്നതിന് വഴി സൗകര്യം ലഭ്യമായാൽ മാത്രമേ അമിനിറ്റി സെൻറർ സ്ഥാപിക്കുന്ന വിഷയത്തിൽ പുരാവസ്തു വകുപ്പിന് തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളു. |
| (ബി) | പാണ്ഡവൻ പാറയെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ പാണ്ഡവൻ പാറയിൽ സുരക്ഷാ ചുമതലയുമായി ബന്ധപ്പെട്ട് കേരള പോലീസിലെ സിവിൽ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നുണ്ട്. സമീപ പ്രദേശങ്ങളിലെ ഖനനനിർമ്മാണ പ്രവർത്തനങ്ങൾ, വകുപ്പിന്റെ കൂടി ഇടപെടലിന്റെ ഭാഗമായി നിലവിൽ നിർത്തിവെച്ചിരിക്കുകയാണ്. പാണ്ഡവൻപാറ സംരക്ഷിതപ്രദേശത്തെ പാറയുടെ രൂപീകരണം, ധാതുഘടന സ്മാരകത്തിന്റെ വാഹകശേഷി, വിനോദസഞ്ചാരികളെ പ്രവേശിപ്പിക്കുന്നതിനുള്ള സാധ്യത, ഇതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ജിയോളജി വകുപ്പിനോട് പുരാവസ്തു വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | പാറശാല മണ്ഡലത്തിലെ വെള്ളറട, കുന്നത്തുകാൽ ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന പൂങ്കോട്ട് പാറയെ സംരക്ഷിത മേഖലയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വെള്ളറട, കുന്നത്തുകാൽ ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന പൂങ്കോട്ട് പാറ, 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിതമായി പ്രഖ്യാപിക്കുന്നതിനു യോഗ്യമാണോ എന്ന് പരിശോധിച്ച് പുരാവസ്തു വകുപ്പ് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ